**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 998</u>** **<u>30-06-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കടലുണ്ടി പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ പടിഞ്ഞാറെമണ്ണ നെച്ചിക്കുറ്റിഭാഗത്ത് കടലുണ്ടി പുഴയുടെ ഇടത് കരയുടെ അരിക് തകർന്ന് സമീപത്തെ വീടുകളും വസ്തുക്കളും അപകട ഭീഷണിയിലായതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ച് നൽകണമെന്ന ആവശ്യം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മങ്കട നിയോജക മണ്ഡലത്തിലെ കുട്ടിലങ്ങാടി, പഞ്ചായത്തിൽ പടിഞ്ഞാറെ മണ്ണ, നെച്ചിക്കുറ്റി ഭാഗത്ത് കടലുണ്ടി പുഴയുടെ ഇടതു കര സംരക്ഷിക്കുന്നതിന് 60 മീ. നീളത്തിൽ 4 മീ. ഉയരത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നല്കിയിട്ടുണ്ട് . |
| (ബി) | സമയബന്ധിതമായി സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി നടപ്പിലാക്കിയില്ലെങ്കിൽ കൂടുതൽ നാശനഷ്ടങ്ങൾക്ക് സാധ്യതയുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട് , നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി സമയ ബന്ധിതമായി ആരംഭിക്കാവുന്നതാണ് . |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ (Price ID.2020/1056/IA) എസ്റ്റിമേറ്റ് DSR 2018 പ്രകാരം പുതുക്കിയ നിരക്കിലേക്ക് മാറ്റം വരുത്തി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; എത്രയും വേഗം പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | പ്രവൃത്തിക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ, ഡബ്ല്യു.5/61641/2/എഫ്.എസ്. തീയതി 14/06/2022 നമ്പർ ഉത്തരവ് പ്രകാരം എഫ്.സി. നോൺ പ്ലാൻ ശീർഷകത്തിൽ 27 ലക്ഷം രൂപയ്ക്ക് സാമ്പത്തികാനുമതി നല്കിയിട്ടുണ്ട്. എത്രയും വേഗത്തിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തിയിൽ ദീർഘനാളായി പുരോഗതി ഉണ്ടാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തിക്ക് നിലവിൽ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നല്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ